മാതൃഭൂമി
The MATHRUBHUMI THOZHILVARTHA
INDIA'S NO:1 WEEKLY FOR JOB PROSPECTS
₹15
PAGES 40
HARISREE 32
തൊഴിൽവാർത്ത
KOZHIKODE SATURDAY 21 SEPTEMBER 2019 / കോഴിക്കോട് 2019 സെപ്റ്റംബർ 21 ശനിയാഴ്ച പ്രസിദ്ധീകരണത്തിൻെറ 27-ാം വർഷം VOL 27 ■ ISSUE 47



LOGIN TO SUCCESS

PASS WORD

തയ്യാറാക്കിയത്
നാണു വിശ്വനാഥൻ
Commercial Advisor NLT, Dubai

# അവസരങ്ങളുടെ തുറമുഖം

**വല്ലാർപാടം ടെർമിനൽ യാഥാർത്ഥ്യമാവുകയും വിഴിഞ്ഞം പദ്ധതി മുന്നേറുകയും ചെയ്തതോടെ ഷിപ്പിങ് മേഖലയിൽ കേരളത്തിലെ തൊഴിൽസാധ്യത കുതിച്ചുയരുകയാണ്. തുറമുഖ വികസനം ഇവിടങ്ങളിൽമാത്രം ഒതുങ്ങില്ലെന്ന് കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതി ഉറപ്പാക്കുന്നുമുണ്ട്. അങ്ങനെയെങ്കിൽ 18 തുറമുഖങ്ങളോളമുള്ള കേരളത്തിന് വൻ സാധ്യതയാണ് വരുന്നത്. അതിനനുസരിച്ച് ഈ മേഖലയെ നാം മനസ്സിലാക്കിയിട്ടുണ്ടോ? നമുക്ക് നേടാവുന്ന തുറമുഖ ജോലികളെന്തെല്ലാമാണ്? എന്തു പഠിക്കണം? എവിടെ പഠിക്കണം? അറിഞ്ഞിരിക്കേണ്ട വിവരങ്ങളിതാ....**

**നാം** വേണ്ടവിധം മനസ്സിലാക്കാതെയും ഉപയോഗപ്പെടുത്താതെയും പോകുന്ന വലിയ തൊഴിൽ മേഖലയാണ് തുറമുഖം. ഷിപ്പിങ്, ലോജിസ്റ്റിക്സ്, എക്സ്പോർട്ട്, ഇംപോർട്ട്, കസ്റ്റംസ്, ചാർട്ടറിങ്, സ്റ്റീവ് ഡോറിങ്, സപ്ലൈ ചെയിൻ മാനേജ്മെൻറ്, മാരിടൈം ലോ, ഇൻറർനാഷണൽ ലോ... തുറമുഖ അനുബന്ധ ജോലികളുടെ പട്ടികയ്ക്ക് നീളമേറെയുണ്ട്.

ഷിപ്പിങ് മേഖലയുമായി ബന്ധപ്പെട്ട് ലോകത്തിലെ ഒന്നാം നിരയിലുള്ള 100 തുറമുഖങ്ങളിൽ ഒരു വർഷം ക്രയവിക്രയം നടത്തുന്നത് ഏകദേശം 55 കോടി 20 അടി കണ്ടെയ്നറുകളുടെ കാർഗോയാണ്. ഇതിൻെറ എത്രയോ ദശലക്ഷം കൂടുതലാണ് കടൽ വഴി നടക്കുന്ന മറ്റ് ചരക്ക് വ്യാപാരങ്ങൾ. കടലും, കപ്പലും തുറമുഖവുമായി ബന്ധപ്പെട്ട ബ്ലൂ ഇക്കോണമിയാണ് ഇന്ന് ലോക സമ്പദ് വ്യവസ്ഥയെയും, തൊഴിൽ, ബിസിനസ് മേഖലകളെയും ഒരു പരിധിവരെ നിയന്ത്രിക്കുന്നത്.

നീണ്ടകാലത്തെ തുറമുഖ - വാണിജ്യ ചരിത്രമുള്ള നാടാണ് കേരളമെങ്കിലും, അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൃത്യതയോടെ പഠിക്കാൻ അവസരം കിട്ടാതിരുന്നതിനാലും, തെറ്റിദ്ധാരണകളാലും ഈ മേഖലയിലെ വൻ തൊഴിൽ അവസരങ്ങൾ നമുക്ക് നഷ്ടപ്പെടുകയാണ്. കപ്പൽ, കപ്പൽയാത്ര, കപ്പൽ നിർമാണം, കപ്പലിൻെറ അറ്റകുറ്റപ്പണികൾ, മർച്ചൻറ് നേവി തുടങ്ങിയവ മാത്രമാണ് ഷിപ്പിങ് മേഖലയെന്നാണ് പലരും ധരിച്ചിരിക്കുന്നത്. തുറമുഖം, ഷിപ്പിങ്, ലോജിസ്റ്റിക്സ്, സപ്ലൈ ചെയിൻ മാനേജ്മെൻറ്, നിയമം തുടങ്ങിയ മേഖലകളിൽ അടിസ്ഥാന വിദ്യാഭ്യാസം നേടിയവർ മുതൽ ഉന്നത വിദ്യാഭ്യാസം നേടിയവർക്ക് വരെ സാധ്യതകളുണ്ട്. സ്ത്രീകൾക്കും സുരക്ഷിതമായ തൊഴിൽ ഈ മേഖല പ്രദാനം ചെയ്യുന്നു.

590 കിലോമീറ്റർ തീരദേശവും 44 നദികളും ഉൾപ്പെടുന്ന, വിഴിഞ്ഞം ഉൾപ്പെടെ 18 തുറമുഖങ്ങളുള്ള നാടാണ് കേരളം. 2016-ൽ തുടക്കം കുറിച്ച 'സാഗർമാല' എന്ന ഇന്ത്യയുടെ ഏറ്റവും വലിയ തുറമുഖ പദ്ധതിയിലൂടെ അടുത്ത 10 വർഷത്തിനുള്ളിൽ ഇന്ത്യാ ഗവൺമെൻറ് പ്രതീക്ഷിക്കുന്നത് ഒരു കോടി തൊഴിലവസരങ്ങളും, അനേകായിരം കോടി രൂപയുടെ നിക്ഷേപ പദ്ധതികളുമാണ്.



ദേശീയ- അന്തർദേശീയ കാർഗോ വ്യാപാരത്തിൻെറ സാധ്യതകൾ ഉപയോഗപ്പെടുത്തി കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നു. കൂടാതെ ഉൾനാടൻ ജലഗതാഗതം, കോസ്റ്റൽ ഷിപ്പിങ് എന്നിങ്ങനെയുള്ള എല്ലാ മേഖലയെയും കാർഗോ വ്യാപാരത്തിന് കൂടുതൽ അനുയോജ്യമായ തരത്തിൽ മാറ്റിയെടുക്കുന്നുമുണ്ട്. മാത്രമല്ല പുതിയ ലോജിസ്റ്റിക്സ് കോറിഡോറുകളും, ഇൻഡസ്ട്രിയൽ പാർക്കുകളും ഫ്രീസോൺ ട്രേഡ് സെൻററുകളും വികസിപ്പിക്കുന്നു. ബാങ്കിങ്പോലുള്ള പ്രധാന തൊഴിൽമേഖലകളിൽ അവസരം കുറഞ്ഞുവരുമ്പോൾ തീർച്ചയായും ഷിപ്പിങ് മേഖല ഉദ്യോഗാർഥികൾക്ക് പുതിയ സാധ്യത തുറന്നിടും.

വരുന്ന നാല് വർഷത്തിനുള്ളിൽ ലോജിസ്റ്റിക്സ് മേഖലയിൽ പ്രതീക്ഷിക്കുന്നത് ഏകദേശം 1.75 കോടി തൊഴിൽ അവസരങ്ങളാണ്. ഉയർന്ന ശമ്പളം പ്രതീക്ഷിക്കാവുന്നവയാണ് ഇവയിൽ ഭൂരിഭാഗം തസ്തികകളും. തുറമുഖങ്ങൾ, കോസ്റ്റൽ ഷിപ്പിങ്, ഇൻലാൻഡ് വാട്ടർ ഷിപ്പിങ് ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളിലെ വിവിധ പദ്ധതികൾ പൂർത്തികരിക്കുമ്പോൾ ഏറ്റവും വലിയ തൊഴിൽ ദാതാവായി ഈ മേഖല മാറും.

## അവസരങ്ങൾ

പോർട്ടുകൾ, ഡ്രൈ പോർട്ടുകൾ, സി.എഫ്.എസ്., പോർട്ട് ഏജൻസി, എക്സ്പോർട്ട്- ഇംപോർട്ട്, ഷിപ്പിങ് കമ്പനികൾ, ഷിപ്പിങ് ഏജൻസി, ഫ്രൈറ്റ് ഫോർവേർഡിങ്, ക്ലിയറിങ്, ഫോർവേർഡിങ്, ചാർട്ടറിങ്, സ്റ്റീവ് ഡോറിങ്, ലോജിസ്റ്റിക്സ് കമ്പനികൾ, ട്രാൻസ്പോർട്ട് കമ്പനികൾ, ഹെവി കാർഗോ ഹാൻഡ്ലിങ് സ്പെഷ്യലൈസ്ഡ് കമ്പനികൾ, കസ്റ്റംസ് & സി.എച്ച്.എ., വെയർ ഹൗസിങ്, കോൾഡ് സ്റ്റോറേജ്, പാക്കിങ് & മൂവിങ്, കാർഗോ ലാഷിങ് കമ്പനി, ട്രേഡിങ് കമ്പനി, മാർക്കറ്റിങ്, സെയിൽസ്, പർച്ചേസ് & സെയിൽസ് ഡിവിഷൻ, കസ്റ്റമർ സർവീസ്, കണ്ടെയ്നർ സർവീസ് കമ്പനികൾ, കണ്ടെയ്നർ ടെർമിനിൽ, പി. & ഐ ക്ലബ്, മറൈൻ ഇൻഷുറൻസ്, മറൈൻ സർവേ മാരിടൈം കൺസൾട്ടൻസി, മാരിടൈം & ഇൻറർനാഷണൽ ലോ സ്ഥാപനങ്ങൾ, വിവിധതരം ഫ്രീസോണുകൾ, ഇൻഡസ്ട്രിയൽ പാർക്കുകൾ, ലോജിസ്റ്റിക്സ് കോറിഡോർ, കോസ്റ്റൽ ഷിപ്പിങ്, ഇൻലാൻഡ് & വാട്ടർവേയ്സ് ഷിപ്പിങ്, മർച്ചൻറ് നേവി, ഷിപ്പ് ബിൽഡിങ്, ഷിപ്പ് റിപ്പയറിങ്, നേവൽ സർവീസ്, കോസ്റ്റ് ഗാർഡ്, പൈലറ്റേജ്, അന്താരാഷ്ട്ര ഷിപ്പിങ് & കസ്റ്റംസ് ഓർഗനൈസേഷൻ എന്നിങ്ങനെ നിരവധി മേഖലകളിൽ തൊഴിൽ നേടാം.

## എന്ത് പഠിക്കണം?

പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ളവർ മുതൽ ഉന്നതവിദ്യാഭ്യാസം നേടിയവർ വരെ എല്ലാവർക്കും തൊഴിൽ, ബിസിനസ്സ് അവസരങ്ങൾ നൽകുന്നതാണ് തുറമുഖ ലോജിസ്റ്റിക്സ് അനുബന്ധ മേഖല. എങ്കിലും പ്ലസ് ടു, ഐ.ടി.ഐ., പോളിടെക്നിക്, ഡിപ്ലോമ, ഡിഗ്രി, എൻജിനീയറിങ്, ഐ.ടി, നിയമപഠനം എന്നിവയ്ക്കുശേഷം ലോജിസ്റ്റിക്സ്, ഷിപ്പിങ് എക്സ്പോർട്ട്-ഇംപോർട്ട്, കസ്റ്റംസ്, ചാർട്ടറിങ്, സ്റ്റീവ് ഡോറിങ്, മാരിടൈം ലോ എന്നിങ്ങനെയുള്ള വിവിധ വിഷയങ്ങൾ പഠിക്കുന്നതാണ് കൂടുതൽ അഭികാമ്യം. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി മാത്രം പഠനം ചുരുങ്ങിപ്പോകരുത്. ഉയർന്ന ഫീസ് കൊടുത്ത് പഠിച്ചതുകൊണ്ടോ, ഗവൺമെൻറ് -പ്രൈവറ്റ് തലത്തിലുള്ള സർട്ടിഫിക്കറ്റ് നേടിയതുകൊണ്ടോ, ജോലി സാധ്യത കൂടുന്നില്ല. കൃത്യമായ പ്രവൃത്തിപരിചയവും, അനുഭവസമ്പത്തുമുള്ളവരിൽ നിന്ന് കമ്പനികളിൽനിന്ന് പ്രായോഗികമായി പഠിക്കുകയാണ് വേണ്ടത്.

അന്തർദേശീയ വ്യാപാരത്തിൻെറ ചുവട് പിടിച്ച് നിൽക്കുന്ന മേഖലകളായതിനാൽ പഠിക്കുന്ന വിഷയങ്ങളിൽ കൃത്യതയോടെയുള്ള അറിവും, പ്രായോഗിക പരിജ്ഞാനവും ചിട്ടയായി കാര്യങ്ങൾ ചെയ്യാനും അത് അവതരിപ്പിക്കാനും കഴിവുകൾ വികസിപ്പിക്കണം.

## എവിടെ പഠിക്കും?

ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള പല യൂണിവേഴ്സിറ്റികളിലും ഇതുമായി ബന്ധപ്പെട്ട എം.ബി.എ, ബി.ബി.എ. കോഴ്സുകളും മാരിടൈം ലോ, ഇൻറർനാഷണൽ ലോ കോഴ്സുകളും നടത്തുന്നുണ്ട്. കേന്ദ്ര ഗവൺമെൻറിൻെറ 'ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിങ് ' അംഗീകരിച്ചിട്ടുള്ള കോളേജുകൾ, ട്രെയിനിങ് സെൻററുകൾ, കാമ്പസുകൾ എന്നിവയും ഇതുമായി ബന്ധപ്പെട്ട നിരവധി കോഴ്സുകൾ നടത്തുന്നുണ്ട്. ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിങ് അംഗീകൃത ഇൻസ്റ്റിറ്റ്യൂട്ടുകളുടെ വിവരം ഇതോടൊപ്പം പട്ടികയിൽ. www.dgshipping.gov.in എന്ന വെബ് സൈറ്റിലും ഈ കേന്ദ്രങ്ങളുടെ പട്ടിക ലഭിക്കും. ഓരോ സ്ഥാപനത്തിലെയും പ്ലേസ്മെൻറ് വിവരവും വെബ്സൈറ്റിൽ ലഭ്യമാണ്.

കൊച്ചിൻ യൂണിവേഴ്സിറ്റി സയൻസ് ഓഫ് ടെക്നോളജി (കുസാറ്റ് www.cusat.ac.in) യുടെ കാമ്പസുകളിൽ നേവൽ ആർക്കിടെക്ചർ ആൻഡ് ഷിപ്പ് ബിൽഡിങ്, ലീഗൽ സ്റ്റഡീസ്, മറൈൻ സയൻസ്, മറൈൻ എൻജിനീയറിങ് എന്നിങ്ങനെ വിവിധ കോഴ്സുകൾ പഠിക്കാൻ സൗകര്യമുണ്ട്. കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ഓഷ്യൻ സ്റ്റഡീസ് (www.kufos.ac.in) കൊച്ചിയിൽ എൽ.എൽ.എം. മാരിടൈം ലോ, എം.ബി.എ. തുടങ്ങിയ കോഴ്സുകളുണ്ട്. ഇതുകൂടാതെ ഇന്ത്യയിലും കേരളത്തിലും വിവിധ സ്വകാര്യ-ഗവൺമെൻറ് സ്ഥാപനങ്ങൾ മാരിടൈം ലോജിസ്റ്റിക്സ്, സപ്ലൈ ചെയിൻ മാനേജ്മെൻറ് മേഖലയിലേക്ക് കടന്നുവരാൻ സഹായകരമായ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, പി.ജി. ഡിപ്ലോമ, ഡിഗ്രി കോഴ്സുകൾ ഓഫർ ചെയ്യുന്നുണ്ട്.

# ലോജിസ്റ്റിക്സ് മാനേജ്മെന്റ്

**ഉത്പന്നങ്ങളും സേവനങ്ങളും അതിന്റെ ഉറവിടത്തിൽനിന്ന് ഉപഭോക്താവിന്റെ കൈകളിലേക്ക് ശരിയായ അളവിലും തൂക്കത്തിലും ഗുണത്തിലും വിലയിലും സമയബന്ധിതമായി എത്തിക്കുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളുടെയും മാനേജ്മെന്റാണ് ലോജിസ്റ്റിക്സ്**

## ലോജിസ്റ്റിക്സ് വിദേശ രാജ്യങ്ങളിൽ

ലോജിസ്റ്റിക്സ് ഷിപ്പിങ് എക്സ്പോർട്ട് മേഖലയിൽ ഏറ്റവും കൂടുതൽ അവസരങ്ങൾ നൽകുന്നത് ഗൾഫ് രാജ്യങ്ങളാണ്. നിരവധി തുറമുഖങ്ങൾ, ഷിപ്പിങ് കമ്പനികൾ, ഫ്രൈറ്റ് ഫോർവേഡിങ്, ചാർട്ടറിങ്, സ്റ്റീവ് ഡോറിങ്, ലൊജിസ്റ്റിക്സ് പാർക്ക്, ഫ്രീസോണുകൾ തുടങ്ങി തുറമുഖമേഖലയുമായി ബന്ധപ്പെട്ട അനേകം ബിസിനസ് സംരംഭങ്ങൾ ഗൾഫ് മേഖലയിലുണ്ട്. ഇവിടെയുള്ള തൊഴിൽ അവസരങ്ങൾ നേടിയെടുക്കാൻ ശക്തമായ മത്സരമാണ് നടക്കുന്നത്. ലോകത്തിന്റെ വിവിധ മേഖലകളിൽനിന്നുള്ളവർ ജോലി അന്വേഷിച്ച് ഇവിടെയെത്തുന്നതുതന്നെയാണ് ഇതിന് പ്രധാന കാരണം. എന്നാൽ അറബ് രാജ്യങ്ങൾ തൊഴിൽ നല്കുന്നതിൽ കൂടുതൽ പ്രാധാന്യം നല്കുന്നത് ഇന്ത്യക്കാർക്കും പ്രത്യേകിച്ച് മലയാളികൾക്കുമാണ്.

ലൊജിസ്റ്റിക്സ്, ഷിപ്പിങ്, കസ്റ്റംസ് അനുബന്ധ വിഷയങ്ങളിൽ നല്ല അറിവ്, പ്രവൃത്തിപരിചയം, ഭാഷാനൈപുണ്യം, കംപ്യൂട്ടർപരിജ്ഞാനം എന്നിവയിൽ മികവ് പുലർത്തുന്നതും ലോകോത്തര നിലവാരമുള്ള സർവീസ് നല്കാൻ കഴിയുന്നതുമായ ചുറുചുറുക്കുള്ള യുവതീ-യുവാക്കളെയാണ് ഈ മേഖലയ്ക്ക് ആവശ്യം.

## വനിതകൾക്കുള്ള സാധ്യതകൾ

ലോജിസ്റ്റിക്സ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഷിപ്പിങ്, ഫ്രൈറ്റ് ഫോർവേഡിങ്, മാരിടൈം ലോ, ഇന്റർനാഷണൽ ലോ, ഇൻഫർമേഷൻ ടെക്നോളജി എന്നിങ്ങനെ മാരിടൈം സെക്ടറിന്റെ വിവിധ തലങ്ങളിൽ വനിതകൾക്ക് ധാരാളം അവസരങ്ങളുണ്ട്. ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്, ഡോക്യുമെന്റേഷൻ സർവീസ്, കസ്റ്റമർ സർവീസ്, ഡിയോ കൗണ്ടർ, മറൈൻ ഇൻഷുറൻസ്, ക്ലറിക്കൽ സ്റ്റാഫ്, സെയിൽസ് & മാർക്കറ്റിങ്, ഷിപ്പിങ് മാനേജർ, ഡോക്യുമെന്റ് കൺട്രോളർ, ട്രാൻസ്പോർട്ട് കോർഡിനേറ്റർ, എക്യുപ്മെന്റ് കൺട്രോളർ, വെയർ ഹൗസ് ഇൻ ചാർജ്, പാക്കിങ് സെക്ഷൻ, പർച്ചേസ് ഡിപ്പാർട്ട്മെന്റ്, ഐ.ടി.

7 R's OF LOGISTICS MANAGEMENT




5 P's OF LOGISTICS




സെക്ഷൻ, മാനിഫെസ്റ്റ് തയ്യാറാക്കൽ തുടങ്ങി പെൺകുട്ടികളെ കൂടുതലായി റിക്രൂട്ട് ചെയ്യാൻ കമ്പനികൾ ആഗ്രഹിക്കുന്ന ഒട്ടേറെ ജോലികൾ തന്നെയുണ്ട് ഈ മേഖലയിൽ.

പ്ലസ് ടു, ബിരുദം, ഡിപ്ലോമ, എൻജിനീയറിങ് തലത്തിൽ ഏത് വിഷയം പഠിച്ചവർക്കും ലൊജിസ്റ്റിക്സ് മേഖലയിലെ ഹ്രസ്വകാല കോഴ്സുകളിലൂടെ ഈ ജോലികളിൽ പ്രവേശിക്കാം. പോർട്ട്, ഷിപ്പ് ബിൽഡിങ് & റിപ്പയറിങ്, സീ ഫെയേഴ്സ്, ട്രാഫിക് കൺട്രോളർ, പൈലറ്റേജ്, കോസ്റ്റ് ഗാർഡ്, മർച്ചന്റ് നേവി ഉൾപ്പെടെയുള്ള അനേകം മറ്റ് മേഖലകളിലും പെൺകുട്ടികൾക്ക് അവസരങ്ങളുണ്ട്. ഇപ്പോൾ വേൾഡ് മാരിടൈം ഓർഗനൈസേഷൻതന്നെ പെൺകുട്ടികളെ കൂടുതലായി തുറമുഖ അനുബന്ധ ലൊജിസ്റ്റിക്സ് മേഖലയിലേക്ക് കൊണ്ടുവരാനുള്ള ശ്രമത്തിലാണ്.

### ശമ്പളം

സമാനസ്വഭാവമുള്ള മറ്റ് തൊഴിൽമേഖലയുമായി താരതമ്യം ചെയ്യുമ്പോൾ മറൈൻ ഷിപ്പിങ് ലൊജിസ്റ്റിക്സ് അനുബന്ധ മേഖലയിൽ ഉയർന്ന ശമ്പളമാണ് ലഭിക്കുന്നത്. അന്താരാഷ്ട്രവ്യാപാരത്തിന്റെ ചുവട് പിടിച്ച് മുന്നേറുന്നതിനാൽ മിക്കപ്പോഴും വ്യാപാരത്തിന്റെ സാമ്പത്തിക ഇടപാടുകൾ ഡോളർ, യൂറോ എന്നിങ്ങനെയുള്ള കറൻസികളെയാണ് ആശ്രയിക്കുന്നത്. ജീവനക്കാർക്ക് ഡോളറിലും യൂറോയിലും മറ്റ് വിലയേറിയ അന്താരാഷ്ട്ര കറൻസിയിലും കിട്ടുന്ന പണത്തെ, ഇന്ത്യൻ രൂപയിലേക്ക് മാറ്റുമ്പോൾ കിട്ടുന്നത് ഉയർന്ന തുകയായിരിക്കും. ഓരോ ജോലിയുടെ സ്വഭാവമനുസരിച്ചും അവർ ജോലിചെയ്യുന്ന രാജ്യത്തിന്റെ പ്രത്യേകത അനുസരിച്ചും ശമ്പളത്തിൽ ഏറ്റക്കുറച്ചിലുണ്ടാകാം. ഗൾഫിലും മറ്റും ജോലി ചെയ്യുന്ന പ്രവൃത്തിപരിചയമുള്ള ഒരു നല്ല ലോജിസ്റ്റിഷ്യന് 1 ലക്ഷം രൂപയിൽ കൂടുതൽ ശമ്പളം കിട്ടാറുണ്ട്.

## ഐ.ടിക്കാർക്കുള്ള അവസരം

പേപ്പർ വർക്ക് പരമാവധി ഒഴിവാക്കി ഡിജിറ്റലൈസേഷൻ സാധ്യതകൾ ഉപയോഗപ്പെടുത്തി മുന്നേറുകയാണ് ഷിപ്പിങ് മേഖല. കടലുൾപ്പെടുന്ന മൾട്ടി മോഡൽ ട്രാൻസ്പോർട്ടേഷന്റെ സഹായത്തോടെയുള്ള അന്താരാഷ്ട്ര കാർഗോ വ്യാപാരത്തിൽ നിരവധി ഘട്ടങ്ങളുണ്ട്. ഉദാഹരണമായി വെബ്സൈറ്റ് നിർമാണം, ഷിപ്പിങ്, ലോജിസ്റ്റിക്സ്, സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡോക്യുമെന്റേഷൻ, കമ്യൂണിക്കേഷൻ, കാർഗോ മോണിറ്ററിങ്, കാർഗോ ക്ലിയറിങ്, വെസ്സൽ മോണിറ്ററിങ്, ബിൽ ഓഫ് ലാഡിങ്, എക്സ്പോർട്ട് - ഇംപോർട്ട് മാനിഫെസ്റ്റ് തയ്യാറാക്കൽ, ഡെലിവറി ഓർഡർ തയ്യാറാക്കൽ, കസ്റ്റംസിലേക്ക് ആവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യൽ, വിവിധ പേയ്മെന്റുകൾ, പോർട്ടുകൾ, കസ്റ്റംസ് ഓഫീസ്, ഷിപ്പിങ് കമ്പനി, കസ്റ്റമർ എന്നിവരുമായുള്ള കമ്യൂണിക്കേഷൻ സിസ്റ്റം ഇവിടെയെല്ലാം വിവര സാങ്കേതിക വിദ്യയിലുള്ളവർക്ക് മികച്ച സാധ്യതകളുണ്ട്.

എൻജിനീയറിങ് മേഖലയിലുള്ളവർക്ക് പോർട്ടുമായി ബന്ധപ്പെട്ട് ട്രാഫിക് കൺട്രോൾ, സിവിൽ എൻജിനീയറിങ്, മെക്കാനിക്കൽ എൻജിനീയറിങ് എന്നിങ്ങനെയുള്ള ഉയർന്ന വരുമാനം കിട്ടുന്ന ധാരാളം അവസരങ്ങളുണ്ട്. ഇത് കൂടാതെ ഓരോ സ്ഥാപനവും ബിസിനസ് മാനേജ് ചെയ്യുന്നതിനും കസ്റ്റമേഴ്സിന് മികച്ച സർവീസ് നല്കുന്നതിനും ആവശ്യമായ സോഫ്റ്റ് വെയറുകൾ ഡെവലപ് ചെയ്യുന്നുണ്ട്. ഇവിടെയെല്ലാം ഐ.ടി.ക്കാർക്ക് അവസരങ്ങളുണ്ട്.

*(അംബാസിഡേഴ്സ് ഓഫ് ലോജിസ്റ്റിക്സ് ലോ മാനേജ്മെന്റ് ട്രസ്റ്റിന്റെ ചെയർമാനായ ലേഖകൻ 25 വർഷത്തോളമായി ഷിപ്പിങ് മേഖലയിൽ പ്രവർത്തിക്കുന്നു)*

### പഠിക്കേണ്ട വിഷയങ്ങൾ

1. ഡോമസ്റ്റിക് ആൻഡ് ഇന്റർനാഷണൽ ബിസിനസിന്റെ അടിസ്ഥാനതത്ത്വങ്ങൾ
2. ഷിപ്പിങ് ബിസിനസ് & മൾട്ടി മോഡൽ ട്രാൻസ്പോർട്ടേഷൻ
3. കാർഗോ അവയുടെ പാക്കിങ്, ലേബലിങ്, മാർക്കിങ്, ലാഷിങ്, തുടങ്ങിയവ
4. കാർഗോ ട്രാൻസ്പോർട്ടേഷൻ, കണ്ടെയ്നറൈസ്ഡ് & നോൺ കണ്ടെയ്നറൈസ്ഡ് കാർഗോ മാനേജ്മെന്റ്
5. പോർട്ട്, പോർട്ട് ഹാൻഡ്‌ലിങ്, പോർട്ട് ഡോക്യുമെന്റേഷൻ
6. കസ്റ്റംസ് & കസ്റ്റംസ് പ്രൊസീജിയർ
7. വെയർ ഹൗസ് & ഇൻവെന്ററി മാനേജ്മെന്റ്
8. അന്താരാഷ്ട്ര വ്യാപാരത്തിന്റെ സാമ്പത്തിക ഇടപാടും, ലെറ്റർ ഓഫ് ക്രെഡിറ്റും
9. അന്താരാഷ്ട്ര വ്യാപാരത്തിലെ ടേംസുകൾ (Incoterms)
10. ഷിപ്പിങ് മേഖലയ്ക്ക് ആവശ്യമായ മാർക്കറ്റിങ്, സെയിൽസ് & കമ്യൂണിക്കേഷൻ




## ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി

ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം ചെന്നൈയാണ്. ഇതിന്റെ കീഴിലുള്ള കോളേജുകൾ, ഇൻസ്റ്റിറ്റ്യൂട്ടുകൾ, അക്കാദമികൾ, സെന്ററുകൾ എന്നിവ കൊൽക്കത്ത, ചെന്നൈ, കൊച്ചി, മുംബൈ, നവിമുംബൈ, വിശാഖപട്ടണം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഷിപ്പിങ് മേഖലയിലെ വിവിധതരം കോഴ്സുകൾ ഈ കേന്ദ്രങ്ങളിൽ ലഭ്യമാണ്. യൂണിവേഴ്സിറ്റിയുടെ അഫിലിയേറ്റഡ് സെന്ററുകളിലും പഠനത്തിനുള്ള സൗകര്യമുണ്ട്. ഒരോ കേന്ദ്രത്തിലെയും കോഴ്സുകളും പ്രവേശന യോഗ്യതയും www.imu.edu.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

### മാരിടൈം യൂണിവേഴ്സിറ്റി നടത്തുന്ന കോഴ്സുകൾ

1. MBA in Port and Shipping Management
2. MBA in International Transportation & Logistics Management
3. BBA in Logistics, Retailing & E-Commerce
4. B.Sc. in Nautical Science
5. B.Tech in Marine Engineering
6. M.Tech in Marine Engineering & Management
7. Diploma in Nautical Science
8. Post Sea/ STCW
9. B.Sc in Ship Building & Repair
10. One year Post Graduate Diploma in Marine Engineering (PGDME) course.
11. Two years M.Sc. (Commercial Shipping and Logistics) Course.

### കൊച്ചി കാമ്പസിലെ കോഴ്സുകൾ

1) MBA in Port and Shipping Management
2) MBA in International Transportation & Logistics Management
3) B.Sc. in Ship Building and Repair
4) B.Sc. in Nautical Science
5) BBA in Logistics, Retailing & E-Commerce